പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം 591 | 28/03/2018 ൽ മറുപടി<br>നല്കേണ്ടത്. |

**ഇതരസംസ്ഥാനത്ത് നിന്നും എത്തുന്ന വിഷമുള്ള പച്ചക്കറികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്**<br>**,, സി.എഫ്.തോമസ്**<br>**,, റോഷി അഗസ്റ്റിൻ**<br>**ഡോ.എൻ. ജയരാജ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | വിഷമുള്ള പച്ചക്കറികൾ ഇതര സംസ്ഥാനത്ത് നിന്നും എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത് തടയുന്നതിനായി ഭക്ഷ്യ സുരക്ഷ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കീടനാശിനികൾ കലർന്ന പച്ചക്കറികൾ കേരളത്തിൽ എത്തുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കേരള സർക്കാരിന്റെ നിർദ്ദേശപ്രകാരം ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ജോയിന്റ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ & ലീഗൽ), ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരടങ്ങിയ സംഘം തമിഴ്നാട്ടിലെ കൃഷിയിടങ്ങളിൽ സന്ദർശനം നടത്തുകയും അവിടത്തെ ഉദ്യോഗസ്ഥൻമാരു മായി ചർച്ച നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.<br>കേരള അതിർത്തി കടന്നുവരുന്ന പച്ചക്കറികളുടെ സാമ്പിളുകളും കേരളത്തിലെ ജില്ലകളിലെ പല ഭാഗങ്ങളിൽ നിന്ന് ശേഖരിച്ച സാമ്പിളുകളും ശേഖരിച്ച് ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്.<br>പച്ചകറികളിലെ കീടനാശിനിയുടെ അംശം കണ്ടെത്തുന്നതിനുള്ള ആധുനിക ഉപകരണമായ GAS Chromatograph Mass Spectrophotometer (GCMSMS) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, എന്നിവടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിലുണ്ട്. പ്രസ്തുത ലാബുകളിലും കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണിയിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ റിസർച്ച്& അനലിറ്റിക്കൽ ലാബിലും പച്ചക്കറിയുടെ |

| | | | |
|---|---|---|---|
| | | | സാമ്പിളുകൾ പരിശോനയ്ക്ക് അയയ്ക്കുന്നുണ്ട്.<br>ഏകദേശം 56 സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ ഏത്തക്ക, സാമ്പാർ മുളക്, കത്തിരിക്ക, കറിവേപ്പില, മല്ലിയില, തക്കാളി, മാങ്ങ, ഉരുളക്കിഴങ്ങ്, പച്ചമുളക് എന്നീ പച്ചക്കറികളിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്.<br>അതിർത്തി കടന്നെത്തുന്ന പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് ലാബിൽ പരിശോധന നടത്തി ഫലം ലഭ്യമായാൽ മാത്രമേ വിഷാംശം ഉണ്ടോ എന്ന് അറിയാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഉടൻതന്നെ നടപടികൾ സ്വീകരിക്കാൻ സാധ്യമല്ല.<br>ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥൻമാർ നിശ്ചിത ഇടവേളകളിലും ഓണംപോലുള്ള ആഘോഷ വേളകളിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് അതിർത്തി ചെക്ക്പോസ്റ്റുകളിലും പച്ചക്കറി മാർക്കറ്റുകളിലും പരിശോധനകൾ നടത്തുന്നുണ്ട്. ഇത്തരം പരിശോധനകളിൽ ശേഖരിക്കുന്ന സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ലാബുകളിലും കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളായണിയിലെ പെസ്റ്റിസൈഡ് റെസിഡ്യൂ റിസർച്ച്& അനലിറ്റിക്കൽ ലാബിലും പരിശോധിക്കുകയും ഗുണനിലവാരം പാലിക്കാത്ത കച്ചവടക്കാർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ മനുശാസിക്കുന്ന രീതിയിൽ നടപടികൾ സ്വീകരിക്കാറുമുണ്ട്.<br>തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ നിന്നും ശേഖരിച്ച കറിവേപ്പിലയുടെ ഒരു സാമ്പിളിലും എറണാകുളം ജില്ലയിൽ നിന്നും ശേഖരിച്ച രണ്ട് സാമ്പിളുകളിലും പാലക്കാട് ജില്ലയിൽ നിന്നും ശേഖരിച്ച പയറിന്റെ സാമ്പിളിലും കീടനാശിനിയുടെ അംശം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ